"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - K SMART ആപ്ലിക്കേഷൻ ഇംപ്ലിമെന്റേഷന്റെ ഭാഗമായി GIS ESRI Enterprise License വാങ്ങുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ GeM ൽ Bid ചെയ്ത നടപടി സാധൂകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്

സ.ഉ.(സാധാ) നം.723/2025/LSGD തീയതി,തിരുവനന്തപുരം, 18-03-2025

---

പരാമർശം:- 1. 03/08/2022 ലെ G.O(Rt) No.5524/2022/Fin ഉത്തരവ്
2. 18/09/2023 തീയതിയിലെ ഐ.കെ. എം ടെക്നിക്കൽ കമ്മിറ്റി യുടെ യോഗ നടപടിക്കുറിപ്പ്..
3. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20/11/2023, 18/12/2023, 11/01/2024 , 23/04/2024 എന്നീ തീയതികളിലെ N0.3154/PW1/2023/IKMനമ്പർ കത്ത്

**ഉത്തരവ്**

**K-SMART** ആപ്ലിക്കേഷൻ ഇംപ്ലിമെന്റേഷന്റെ ഭാഗമായി **GIS ESRI Enterprise License (ArcGIS Enterprise Advanced Server, ArcGIS Desktop Standard, ArcGIS Desktop Spatial Analyst and ArcGIS Enterprise Image Server)** വാങ്ങി നൽകുന്നതിന് **K-SMART** ടീം ആവശ്യപ്പെടുകയും പ്രസ്തുത ആവശ്യം പരാമർശം (2) ടെക്നിക്കൽ കമ്മിറ്റിയുടെ യോഗ നടപടിക്രമം പ്രകാരം ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ഏകദേശം ഒന്നര കോടി രൂപ വില വരുന്ന **GIS ESRI Enterprise License** വാങ്ങുന്നതിന് അനുമതി ലഭിക്കുകയും ഉണ്ടായി. പ്രസ്തുത ലൈസൻസ് അടിയന്തിരമായി വാങ്ങി നൽകുവാൻ ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ **GIS ESRI Enterprise License** വാങ്ങുന്നതിന് **GeM** ൽ **14/11/2023** ന് **Bid** ചെയ്യുകയുമുണ്ടായി. തുടർന്ന് **27/11/2023** ലെ ടെക്നിക്കൽ ബിഡ് ഇവാലൂവേഷൻ കമ്മിറ്റി പ്രകാരം രൂപീകരിച്ച ടെക്നിക്കൽ ബിഡ് ഇവാലൂവേഷൻ കമ്മിറ്റി ബിഡിൽ പങ്കെടുത്ത **3** സ്ഥാപനങ്ങളുടേയും ടെക്നിക്കൽ ഡോക്യുമെന്റ്സ് പരിശോധിച്ച് അംഗീകാരം നൽകിയിട്ടുള്ളതും. തുടർന്ന് **06/12/2023** ലെ ഫിനാൻഷ്യൽ ബിഡ് ഇവാലൂവേഷൻ കമ്മിറ്റി പ്രകാരം രൂപീകരിച്ച കമ്മിറ്റി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിട്ടുള്ള **UL Technologies Solutions Pvt Ltd** എന്ന സ്ഥാപനത്തെ **L1** ആയി തിരഞ്ഞെടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി. **GIS ESRI Enterprise License K-SMART** സോഫ്റ്റ് വെയർ വികസനത്തിന് അനിവാര്യമായതിനാലും **01/01/2024**-ന് **K-SMART** ആപ്ലിക്കേഷൻ സംസ്ഥാനതല വിന്യാസം തീരുമാനിച്ചിട്ടുള്ളതിനാലുമുള്ള അടിയന്തിര സാഹചര്യം പരിഗണിച്ച് **L1** ബിഡർ ആയ **UL Technologies Solutions Pvt Ltd** എന്ന സ്ഥാപനത്തിന് **14/12/2023** ന് വർക്ക് ഓർഡർ നൽകിയിരുന്നു. മേൽ സാഹചര്യത്തിൽ **UL Technologies Solutions Pvt Ltd** എന്ന സ്ഥാപനത്തിന് വർക്ക്

ഓർഡർ നൽകിയ നടപടി സാധൂകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. K-SMART ആപ്ലിക്കേഷൻ ഇംപ്ലിമെന്റേഷന്റെ ഭാഗമായി ഏകദേശം ഒന്നര കോടി രൂപ വില വരുന്ന GIS ESRI Enterprise License (ArcGIS Enterprise Advanced Server, ArcGIS Desktop Standard, ArcGIS Desktop Spatial Analyst and ArcGIS Enterprise Image Server) വാങ്ങി നൽകുന്നതിനുള്ള ബിഡിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിട്ടുള്ള UL Technologies Solutions Pvt Ltd എന്ന സ്ഥാപനത്തെ L1 ആയി തിരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകിയ നടപടി ഭാവിയിൽ ഇത്തരം നടപടികൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്നും, store purchase manual ലെ നിബന്ധനകൾക്ക് വിധേയമാകേണ്ടതാണെന്നും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടത്തുന്ന ക്രയവിക്രയങ്ങൾക്ക് സാധൂകരണം അനുവദിക്കുന്നതല്ലായെന്നുമുള്ള വ്യവസ്ഥയോടെ, Technical Advisory Committee യുടെ നിബന്ധനകൾക്ക് വിധേയമായി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (File no WCD-3/96/2024/FIN)
ഐ ടി വകുപ്പ് (File no ITCell-2/122/2024-ITD )
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/145/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 18-03-2025 14:45:41
സെക്ഷൻ ഓഫീസർ

പകർപ്പുകൾ
തദ്ദേശ സ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്.